(ര) കണ്ണാസ്പത്രി, എറണാകുളം.
(ഭ) ഇരിങ്ങാലക്കുട ആസ്പത്രി.
(ന) കുന്ദംകുളം ആസ്പത്രി.
(ഒ) ചിറയൻ ആസ്പത്രി.
(വ) കൊടുങ്ങല്ലൂർ ആസ്പത്രി.
(ൻ) അയ്യമ്പിള്ളി ഡിസ്പെൻസറി.
(൧൦) പുതുക്കാട് ഡിസ്പെൻസറി.
(൧൧) അന്തിക്കാട് ഡിസ്പെൻസറി.
(൧൨) കൊഴിഞ്ഞാമ്പാറ ഡിസ്പെൻസറി.

(സി) ഉവ്വ്.

(ഡി) ഉത്തരം ആവശ്യമില്ല.

(ഇ) ആസ്പത്രി ജോലിസമയം കാലത്തു് ൭ മണിമുതൽ ൧൨ മണിവരെയും വൈകുന്നേരം ൪ മണി മുതൽ ൪ മണിവരേയും ആണു്. എന്നാൽ ഓണററി ഡോക്ടർമാർക്കു് മേൽ പറഞ്ഞ സമയങ്ങളിൽ ഏതെങ്കിലും ഒരു സമയത്തെ ജോലി നോക്കുവാൻ ഇഷ്ടമുള്ള എങ്കിൽ ആയതു് അവരുടെ ആവശ്യപ്രകാരം അനുവദിക്കുന്നതാണു്.

TINNED FOOD STUFFS—PURCHASE OF

268. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമൊ.—

(എ) മിലിട്ടറി വകുപ്പിൽനിന്നും കൊച്ചിഗവൺമെണ്ടു വിലക്കെടുത്ത Tinned food stuffs-നു് ഡ്യൂട്ടി കൊടുക്കണമെന്നുള്ള പ്രശ്നം തീരുമാനിക്കപ്പെട്ടുകഴിഞ്ഞൊ ;

(ബി) കഴിഞ്ഞെങ്കിൽ തീരുമാനമെന്താണു് ;

(സി) ഈ തീറുസാധനങ്ങളുടെ വില്പനക്കു കച്ചവടക്കാർക്കു വല്ല കമ്മീഷനും കൊടുത്തിട്ടുണ്ടൊ ; കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ടൊ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) കസ്റ്റംസ് ഡ്യൂട്ടി കൊടുക്കേണ്ട സംഗതിയിൽ തീരുമാനം ആയിട്ടില്ല.

(ബി) മുൻ മറുപടികൊണ്ടു് ഈ ചോദ്യത്തിനു് വേറെ മറുപടി ആവശ്യമില്ല.

(സി) ഉവ്വ്, ൧൦,൦൦൦ രൂപക്കു് മേൽസാധനങ്ങൾ വാങ്ങുമ്പോൾ ൫ ശതമാനവും ൫൦,൦൦൦-നു് മേൽ വരുന്ന സംഖ്യക്കു ൭½ ശതമാനവും കമ്മീഷൻ കൊടുക്കുന്നുണ്ടു്.

CULTIVATION AT NELLIAMPATHIES

269. മിസ്റ്റർ എം. കെ. വർഗ്ഗീസ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമൊ.—

(എ) കഴിഞ്ഞ മാർച്ചു്, ഏപ്രിൽ മാസങ്ങളിൽ നെല്ലിയാംപതിയിൽ എന്തെല്ലാം ധാന്യങ്ങളാണു് കൃഷിചെയ്തതു് ;

(ബി) അവ ഓരോന്നും എത്ര ഏക്കർ സ്ഥലത്തു കൃഷിചെയ്തു ;

(സി) ഓരോതരം കൃഷിക്കും എത്ര ഉറുപ്പിക വീതം ചിലവായി ;

(ഡി) ഓരോന്നിലും എത്ര ഉറുപ്പിക വീതം ആദായമുണ്ടു് ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി :

(എ) ചോളം മാത്രമെ കൃഷിചെയ്തുള്ളൂ.

(ബി) ൨൫ ഏക്കർ സ്ഥലത്തു്.

(സി) ൪൩ വക.

(ഡി) അതിവർഷം കാരണം കൃഷിക്കു വളരെ ദോഷംപറ്റി. ആദായം യാതൊന്നും ഉണ്ടായിട്ടില്ല.

"DHEERAN"—CIRCULATION OF

270. Mr. P. T. Jacob *(Latin Christians-Mattancheri):* Will Government be pleased to state,—

(*a*) is there a Tamil weekly called "Dheeran" printed and published in our State ;

(*b*) what is the circulation of the said weekly and how many subscribers are there for it in our State ;

LIBRARY ARCHIVES Kerala Legislative Assembly

(c) does the Government know what are the general subjects dealt with in that weekly; if so, what are the general news contents in the said weekly regarding the day to day needs of the subjects of our State ?

Mr. B. V. K. Menon *(Secretary to Government)*:

(a) Yes.

(b) The circulation of the said weekly is about 4000 now; the circulation being mostly in British Indian Tamil Districts, Burma and Ceylon. In our State, the number of subscribers is comparatively small because the language of the weekly is Tamil. There are about 100 subscribers in Cochin State.

(c) Yes. The general subjects dealt with in that weekly are Social, Moral, Educational and other matters and they are dealt with in a humorous vein intended perhaps to promote the social and moral status of the people and to provide fun for the readers.

The general news contents in the said weekly regarding the day to day needs of the subjects of our State are comparatively poor.

CONDUCT OF FEASTS

271. മിസ്റ്റർ കെ. എ. രാഘവൻ. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽ നിന്നും സദയം മറുപടി പറയുമോ.—

(എ) മന്ത്രിമാരിൽ ആരെങ്കിലും സദ്യ നടത്തുന്നതിനു് അനുവാദം കൊടുക്കുകയോ അരി അനുവദിക്കുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര അരി അനുവദിച്ചു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) അഞ്ചുപറ അരി വെച്ചു ഒരു സദ്യകഴിക്കാൻ ഭക്ഷ്യ വിദ്യാഭ്യാസ മന്ത്രിയുടെ തറവാട്ടുക്ക അനുവാദം കൊടുത്തിട്ടുണ്ടു്. അതിനു സർക്കാരിൽ നിന്നു് അരി കൊടുത്തിട്ടില്ല.

(ബി) ഉത്തരം ആവശ്യമില്ല.

BUS SERVICE—PERMIT FOR

272. Mr. M. K. Raja *(Mulakunnathukavu)*: Will Government be pleased to inform the House.—

(a) whether there are applications pending with them for permits to operate buses on the various routes in the State;

(b) how many such applications were received till now from January 1943;

(c) how many of these have been granted ?

Rao Bahadur T. K. Nayar *(Minister for Public Health)*:

(a) Yes.

(b) 226.

(c) 44.

ARTICLE IN THE "MALABAR MAIL" DATED 27TH NOVEMBER 1946

273. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) "വിചിത്രമായ വില്പനനികുതി പിരിവു്" എന്ന തലക്കെട്ടിൽ ഫെബ്രുവരി നവമ്പർ ൨൭-ാംതു-യിലെ "മലബാർ മെയിലിൽ" ചേർത്തിട്ടുള്ള ലേഖനം ബഹുമാനപ്പെട്ട ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ലേഖനത്തിൽ പറയുന്ന വസ്തുതകൾ വാസ്തവമാണോ;

(സി) ആണെങ്കിൽ അതിനെപ്പറ്റി എന്തുനടപടിനടത്തി?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി :

(എ) ഉണ്ടു്.

(ബി) റിപ്പോർട്ടിൽ കുറെ അതിശയോക്തിയുണ്ടു്. റിപ്പോർട്ടിൽ പറയുന്ന കച്ചവടക്കാരൻ വില്പനനികുതി കൊടുക്കുവാൻ ബാദ്ധ്യസ്ഥനാണോ അല്ലയോ എന്നു സംശയിക്കത്തക്ക സ്ഥിതിയിലുള്ള ആളാണു്. അങ്ങിനെയുള്ളവർ നിയമപ്രകാരം Return ബോധിപ്പിക്കാത്തപക്ഷം Provisional assessments നടത്താതെ വില്പനനികുതി ആപ്പീസ്സർക്കു് ഗത്യന്തരമില്ല.

LIBRARY ARCHIVES Kerala Legislative Assembly